**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 954** **26-07-2021 - ൽ മറുപടിയ്ക്ക്**

**അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ; | (എ) | ലാൻഡ് റവന്യൂ മാന്വൽ, വാല്യം 6 ന്റെ 236-ാം ഖണ്ഡികയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനത്ത് അവകാശ സർട്ടിഫിക്കറ്റ് നൽകി വരുന്നത്. അനന്തരാവകാശികളെ നിർണ്ണയിക്കുന്നതിലേയ്ക്കായി അപേക്ഷ ലഭിച്ചാൽ വില്ലേജ് ഓഫീസർ അതു സംബന്ധിച്ച് പ്രാദേശികാന്വേഷണം നടത്തുന്നു. പ്രായപൂർത്തിയായ രണ്ടിൽ കുറയാതെയുള്ള അയൽ സാക്ഷികളിൽ നിന്നും അവകാശികളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള മൊഴി, അപേക്ഷകന്റെ സത്യവാങ്മൂലം, അവകാശികളുടെ മൊഴി, മരണസർട്ടിഫിക്കറ്റ്, അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള മറ്റു രേഖകൾ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വിശദമായ റിപ്പോർട്ടു സഹിതം വില്ലേജ് ആഫീസർ തഹസീൽദാർക്കു സമർപ്പിയ്ക്കുന്നു. തുടർന്ന് തഹസീൽദാർ കേരള ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനുള്ളിൽ ആക്ഷേപം ഒന്നും ലഭിയ്ക്കാത്ത സാഹചര്യത്തിൽ സാക്ഷ്യപത്രം തയ്യാറാക്കി അപേക്ഷകന് നൽകുന്നതാണ് നിലവിലെ നടപടിക്രമം. |
| (ബി) | ഗസറ്റ് നോട്ടിഫിക്കേഷൻ വരാൻ വൈകുന്നതു കാരണം യഥാസമയം അവകാശികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കോവിഡ് - 19 മഹാമാരിക്കുശേഷം മരണസംഖ്യ കൂടുകയും ഈ സർട്ടിഫിക്കറ്റിന് ആളുകൾ കൂടി വരികയും ചെയ്ത സാഹചര്യത്തിൽ അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിലെ നടപടികൾ ലഘൂകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ഗസറ്റ് നോട്ടിഫിക്കേഷന് പകരം അവകാശികളുടെ | (ഡി) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | പേര് പത്ര പരസ്യം ചെയ്ത് അവകാശ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ